# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.10 28.06.2016 ൽ മറുപടിക്ക്

## മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ വിവിധ ചെലവുകൾ

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, എന്നിവരുടെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ (എ), ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | | പതിനാലാം മന്ത്രിസഭയിലെ പുതിയ മന്ത്രിമാർ താമസം തുടങ്ങുന്നതിന് മുൻപ് ടൂറിസം വകുപ്പ് പൊതുമരാമത്ത് വകുപ്പ് വഴി ചെയ്യേണ്ട സാധാരണ അറ്റകുറ്റപ്പണികൾ (Routine maintenance) നടത്തിയിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ വസതി ഉൾപ്പെടെ 19 മന്ത്രി മന്ദിരങ്ങൾക്കായി 32,62,000/- രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി അറുപത്തിരണ്ടായിരം രൂപ) സിവിൽ പണികൾക്കും, 3,33,000/- രൂപ (മൂന്ന ലക്ഷത്തി മുപ്പത്തിമൂന്നായിരം രൂപ) ഇലക്ട്രിക് പണികൾക്കും കൂടി ആകെ 35,95,000/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) ചിലവഴിച്ചിട്ടുണ്ട്. |
| (ബി) ഇവരുടെ ഔദ്യോഗിക വസതിയിലേയ്ക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക വിശദമാക്കുമോ ; | (ബി)<br>&<br>(സി) | പതിനാലാം മന്ത്രിസഭയിലെ പുതിയ മന്ത്രിമാർക്കുവേണ്ടി നിലവിലുള്ള സൗകര്യങ്ങൾക്ക് പുറമെ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്താനോ മോടി പിടിപ്പിക്കാനോ പണമൊന്നും ചിലവഴിച്ചിട്ടില്ല. അപ്രകാരം ചെയ്യേണ്ടതില്ലെന്ന് ബഹു.മുഖ്യമന്ത്രിയും, ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയും നിർദ്ദേശിച്ചിരുന്നു. |
| (സി) ഇവരുടെ ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ